പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2158 15/07/2011 -ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിൽ പ്ലസ് ടു ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയതായി പ്ലസ് ടു കോഴ്സ്</u>

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) കഴിഞ്ഞ അദ്ധ്യയന വർഷം, വൈപ്പിൻ മണ്ഡലത്തിൽ നിന്നും എസ്.എസ്.എൽ.സി. പാസ്സായ കുട്ടികളുടെ എണ്ണം എത്രയെന്ന് വിശദീകരിക്കുമോ; | (എ) കഴിഞ്ഞ അദ്ധ്യായനവർഷം വൈപ്പിൻ മണ്ഡലത്തിൽ നിന്നും ആകെ 2268 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷയെഴുതുകയും അതിൽ 2125 കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടുകയും ചെയ്തിട്ടുണ്ട്. |
| (ബി) വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പ്ലസ് ടു സ്കൂളുകളിൽ എത്ര പേർക്ക് പ്രവേശനം നൽകാൻ കഴിയും; | (സി) മണ്ഡല പുനസംഘടനക്കു ശേഷം വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകൾ ഉണ്ടെന്നതിന് വിവരം ശേഖരിക്കേണ്ടതുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലെ സ്കൂളുകളുടെ പട്ടിക മാത്രമേ നിലവിൽ ലഭ്യമായുള്ളൂ. ആയതിന്റെ വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്. |
| (സി) മുഴുവൻ കുട്ടികൾക്കും പ്ലസ് ടു പ്രവേശനം ലഭിക്കുന്നതിന് പ്ലസ് ടു നിലവിലുള്ള സ്കൂളുകൾക്ക് അധികഷണൽ ബാച്ച് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;<br><br>(ഡി) മണ്ഡലത്തിൽ പ്ലസ് ടു ഇല്ലാത്ത പഞ്ചായത്തുകളിൽ പുതുതായി പ്ലസ് ടു കോഴ്സ് അനുവദിക്കുമോ ? | (സി) & (ഡി) എറണാകുളം ജില്ലയിൽ പൊതുവേ പ്ലസ് വൺ സീറ്റുകൾ കൂടുതലും പ്ലസ് വൺ അപേക്ഷകർ കുറവുമാകയാൽ അധിക ബാച്ച് അനുവദിക്കപ്പെടേണ്ട ജില്ലകളുടെ പട്ടികയിൽ എറണാകുളം ജില്ല ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ